# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ:0481-2733370

## വാർത്താക്കുറിപ്പ്(2)

**2023 ഡിസംബർ 11**

---

## കരാർ അധ്യാപക നിയമനം

മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇൻറഗ്രേറ്റഡ് പ്രോഗ്രാംസ് ആൻറ് റിസർച്ച് ഇൻ ബേസിക് സയൻസസ്(ഐ.ഐ.ആർ.ബി.എസ്), ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മൾട്ടിഡിസിപ്ലിനറി പ്രോഗ്രാംസ് ഇൻ സോഷ്യൽ സയൻസസ്(ഐ.എം.പി.എസ്.എസ്) എന്നീ ഇൻറർ സ്കൂൾ സെൻററുകളിൽ കരാർ അധ്യാപക നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. 2023 ജൂൺ 15 മുതൽ 2024 ഏപ്രിൽ 15 വരെയുള്ള അക്കാദമിക വർഷത്തേക്കുള്ള നിയമനം വാർഷിക വിലയിരുത്തലിൻറെ അടിസ്ഥാനത്തിൽ രണ്ടു വർഷത്തേക്കു കൂടി ദീർഘിപ്പിക്കാം.

ഐ.ഐ.ആർ.ബി.എസിൽ ബയോളജി, മാത്തമാറ്റിക്സ് എന്നീ വിഷയങ്ങളിലും ഐ.എം.പി.എസ്.എസിൽ ഇക്കണോമിക്സ്, മലയാളം എന്നിവയിലുമാണ് നിയമനം. യഥാക്രമം എസ്ഐയുസി. എൻ, ഒ.ബി.സി, ഡി, പി.എച്ച്(ഒ) എന്നീ വിഭാഗങ്ങളിലാണ് ഒഴിവുകൾ.

പ്രായം 2023 ജനുവരി ഒന്നിന് 50 വയസ്സ് കവിയരുത്. കോളജുകളിൽ നിന്നും സർവകലാശാലകളിൽനിന്നും വിരമിച്ച 70 വയസിൽ കവിയാത്തവരെയും പരിഗണിക്കും.

യു.ജി.സി ചട്ട പ്രകാരമുള്ള അടിസ്ഥാന യോഗ്യതകളുണ്ടായിരിക്കണം. ജെ.ആർ.എഫ് അല്ലെങ്കിൽ പി.എച്ച്.ഡി, പേപ്പർ പബ്ലിക്കേഷൻ, പ്രസൻറേഷൻ, അധ്യാപന പരിചയം എന്നിവ അഭികാമ്യം. യു.ജി.സി യോഗ്യതയുള്ളവരുടെ അഭാവത്തിൽ അതത് വിഷയങ്ങളിൽ 55 ശതമാനം(എസ്.സി,എസ്.ടി വിഭാഗക്കാർക്ക് 50 ശതമാനം) മാർക്കോടെ ബിരുദാനന്തര ബിരുദമുള്ളവരെയും പരിഗണിക്കും.

യു.ജി.സി യോഗ്യതയുള്ളവർക്ക് പ്രതിദിനം 1750 രൂപ നിരക്കിൽ പ്രതിമാസം പരമാവധി 43750 രൂപയാണ് പ്രതിഫലം. യു.ജി.സി യോഗ്യത ഇല്ലാത്തവർക്ക് പ്രതിദിനം 1600 രൂപയും പ്രതിമാസം പരമാവധി 40000 രൂപയുമായിരിക്കും പ്രതിഫലം.

അപേക്ഷാ ഫോറം ഡൗൺലോഡ് ചെയ്ത് പൂരിപ്പിച്ച് പ്രായം, വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തിപരിചയം, ജാതി, അധിക യോഗ്യത എന്നിവയുമായി ബന്ധപ്പെട്ട രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം രജിസ്ട്രാർ, മഹാത്മാ ഗാന്ധി സർവകലാശാല, പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം - 686 560 എന്ന വിലാസത്തിൽ തപാലിലോ മറമ7@ാഴൗ.മര.ശി എന്ന ഇ-മെയിൽ മുഖേനയോ ഡിസംബർ 17നകം അപേക്ഷിക്കാം. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.
(പി.ആർ.ഒ/39/1444/2023)

## സംവാദ പരിപാടി സംഘടിപ്പിച്ചു

വനിതാ സംവരണ നിയമവുമായി ബന്ധപ്പെട്ട് മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ജെൻഡർ സ്റ്റഡീസ് സംവാദ പരിപാടി സംഘടിപ്പിച്ചു.
സാമൂഹ്യ പ്രവർത്തക എം. സുൽഫത്ത് വിഷയം അവതരിപ്പിച്ചു. 2024ലെ തിരഞ്ഞെടുപ്പിൽ തന്നെ രാഷ്ട്രീയ പാർട്ടികൾ തുല്യ പ്രാതിനിധ്യം ഉറപ്പു വരുത്തണമെന്ന് അവർ നിർദേശിച്ചു.

തുല്യ പ്രാതിനിധ്യം സൃഷ്ടിക്കാനിടയുള്ള മാറ്റങ്ങളെ കുറിച്ച് പരിപാടിയിൽ ചർച്ച ചെയ്തു. ഡോ.പി.എം ആരതി,ഡോ. അപർണ ഈശ്വരൻ, ഡോ.ജാബിർ, എ.പി. ജയകൃഷ്ണൻ, മുർഷിദ്,എ.വി. നവ്യ, പി.എസ്. ആർച്ച, ആർ. അതുല്യ എന്നിവർ സംസാരിച്ചു. നസീറ മോഡറേറ്റർ ആയിരുന്നു. ഡോ.എസ്. സാനിയ, ഒ.എ. ഗൗരി,എം.എസ്. മിഥിൻ,ശ്യാം ചന്ദ്രൻ തുടങ്ങിയവർ പരിപാടിക്ക് നേതൃത്വം നൽകി.

പരിപാടിയോടനുബന്ധിച്ച് സ്ത്രീകളുടെ വോട്ടവകാശപ്പോരാട്ടങ്ങളുമായി ബന്ധപ്പെട്ട ചരിത്ര പ്രദർശനവും നടന്നു.

(പി.ആർ.ഒ/39/1445/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**